<u>മി. സ്പീക്കർ:</u> ഓർഡർ...... ഓർഡർ..... റൂൾ 50 എടുക്കുന്നതിന് മുമ്പ് ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിന് ഇന്നലെ അനുമതി നിഷേധിച്ചതിനെ സംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും മാധ്യമങ്ങളിലും തെറ്റിദ്ധാരണാപരമായ ചില പരാമർശങ്ങൾ ഉണ്ടായത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് തികച്ചും നിർഭാഗ്യകരമാണെന്ന് സഭയെ അറിയിക്കുകയാണ്. അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസുകളിന്മേൽ തീരുമാനമെടുക്കുന്ന സന്ദർഭങ്ങളിൽ ഭരണപക്ഷത്തു നിന്നോ പ്രതിപക്ഷത്തു നിന്നോ ഒരുതരത്തിലുമുള്ള സമ്മർദ്ദവും ചെയറിന്റെ തീരുമാനത്തെ സ്വാധീനിക്കാറില്ലായെന്ന കാര്യം അസന്ദിഗ്ദ്ധമായി സഭയെ അറിയിക്കുകയാണ്. അത്തരം നോട്ടീസുകൾ വിശദമായി പരിശോധിച്ച് ചട്ടങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് അനുമതി നൽകണമെന്നോ വേണ്ടെന്നോ ഉള്ള തീരുമാനം കൈക്കൊള്ളുന്നത്. വരാപ്പുഴ കസ്റ്റഡി മരണം സംബന്ധിച്ച വിഷയത്തിന്മേൽ ലഭിച്ച ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിൽ ഉന്നയിച്ചിരുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതും ഈ മാസം 13-ാം തീയതി അതിന്മേൽ ഹിയറിംഗ് നടത്താനിരിക്കുന്നതുമാണെന്ന വിവരമാണ് ചെയറിനുള്ളത്. കോടതിയിൽ നടക്കാനിരിക്കുന്ന വാദങ്ങളെ സ്വാധീനിക്കുന്ന തരത്തിലൊരു ചർച്ച സഭയിലുണ്ടാകുന്നത്

ഉചിതമായിരിക്കുകയില്ലെന്ന പൂർണ്ണ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും പിൻബലത്തിൽ നോട്ടീസിന് അനുമതി നിഷേധിച്ചത്. പതിമൂന്നാം കേരള നിയമസഭയിൽ 2016 ഫെബ്രുവരി 10, 16 തീയതികളിൽ സമാന സാഹചര്യങ്ങളിൽ അടിയന്തരപ്രമേയ നോട്ടീസിന് അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നിഷേധിച്ച കീഴ്വഴക്കം നമ്മുടെ മുന്നിലുണ്ട്. മാത്രവുമല്ല, അതിനുമുമ്പും നിരവധി തവണ ഇതേ കാരണങ്ങളാൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ച സംഭവങ്ങളും നമ്മുടെ സഭാ ചരിത്രത്തിലുണ്ട്. ഈ സാഹചര്യത്തിൽ യുക്തിസഹമല്ലാത്തതും അനുചിതവുമായ കാരണങ്ങൾ ഉന്നയിച്ച് ചെയറിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രവണത മഹത്തായ നമ്മുടെ സഭാ പാരമ്പര്യത്തിന് ഒട്ടും യോജിച്ചതല്ലെന്നും ബന്ധപ്പെട്ടവർ ഇക്കാര്യം തിരുത്തണമെന്നും ചെയർ അഭ്യർത്ഥിക്കുകയാണ്. (...... ബഹളം......)